

TUESDAY 02-08-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/08/2022.

1. കൃഷി വകുപ്പിന്റെ കാർഷിക വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായ റീഫർവാനുകളുടെ ഫ്ളാഗ് ഓഫ് കർമ്മം ഇന്ന് (ആഗസ്റ്റ് 02) രാവിലെ 9.45-ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിലും ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ സാന്നിദ്ധ്യത്തിലും തിരുവനന്തുപരം സെക്രട്ടറിയേറ്റ് അങ്കണത്തിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

2. 2022 ചിങ്ങം 1 (ആഗസ്റ്റ് 17) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കർഷകദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് കേരളത്തിലൊട്ടാകെ വാർഡുതലത്തിൽ പുതിയ കൃഷിയിടം കണ്ടെത്തി കൃഷി തുടങ്ങുന്നതും, വിളംബരജാഥകൾ സംഘടിപ്പിക്കുന്നതുമാണ്. കൂടാതെ, പഞ്ചായത്തു തലത്തിൽ പൊതുയോഗം സംഘടിപ്പിച്ച് മികച്ച ജൈവകർഷകർ, സ്ത്രീകർഷക, വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ/കർഷക, എസ്.സി/എസ്.ടി കർഷകൻ/കർഷക തുടങ്ങിയവരെ ആദരിക്കുന്നതും സെമിനാറുകൾ സംഘടിപ്പിക്കുന്നതുമാണ്. തദവസരത്തിൽ സംസ്ഥാന തല സെൽഫി ഫോട്ടോ/വീഡിയോ മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. റബ്ബറിന്റെ മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗം, ഓൺലൈൻ വളപ്രയോഗശുപാർശ (റബ്സിസ്) എന്നിവയെക്കുറിച്ച് അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സയന്റിസ്റ്റ് നാളെ (ആഗസ്റ്റ് 03) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. ആറളം ഫാം സെൻട്രൽ നേഴ്സറിയിലും ഇരിട്ടിയിലുള്ള തണൽ മിനി സൂപ്പർ മാർക്കറ്റിലും കശുമാവിന്റ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ഓഗസ്റ്റ് 1 മുതൽ വിൽപന ആരംഭിക്കും. ധന, പ്രിയങ്ക, കനക, സുലഭ, വെങ്കർല 7 എന്നീ ഇനങ്ങൾ 50 രൂപ നിരക്കിൽ ലഭിയ്ക്കും. ആവശ്യക്കാർ **8281982312, 9447007402** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു നൂറ്റിഅറുപത് (160) രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

8. അട്ടപ്പാടിയിലെ ആദിവാസി ഗോത്ര വിഭാഗങ്ങളെ ആരോഗ്യമുള്ള ഒരു ജനതയാക്കി മാറ്റിയെടുക്കുന്നത്തിനു സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടമായി നടപ്പിലാക്കുന്ന അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ചീരക്കടവിൽ നിർമിച്ച ചെറു ധാന്യ സംസ്കരണ ശാലയുടെ ഉദ്ഘാദനം നിർവഹിച്ചുകൊണ്ട് സംസാരിക്കികയായിരുന്നു മന്ത്രി. ആദിവാസി ജനവിഭാഗത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി, അട്ടപ്പാടിയുടെ തനത് കാർഷിക സാംസ്കാരിക പൈതൃകം തിരിച്ചു കൊണ്ടുവരുന്നതിനും ആദിവാസി ഗോത്ര സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. മണ്ണാർക്കാട് എം എൽ എ അഡ്വ. എൻ ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആദിവാസി കർഷക ഉത്പാദക കമ്പനിയുടെ ഓഹരി പത്രിക വിതരണ ഉദ്ഘാടനം മുൻ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ് സുനിൽകുമാറും ജൈവ സാക്ഷ്യപത്ര വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകനും നിർവഹിച്ചു.

## പരിശീലന പരിപാടികൾ

9. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ **ആഗസ്റ്റ് 9, 10** തീയതികളിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ആഗസ്റ്റ് 8** വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് **0471-2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 04-ന് (ആമസ്റ്റ് 04) രാവിലെ 10 മണി മുതൽ 4 മണി വരെ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കുരുമുളകിൽ തിരിയിടുന്ന സമയത്ത് കണ്ടു വരുന്ന പൊള്ളു രോഗത്തെ നിയന്ത്രിക്കുന്നതിനായി തിരിയിടുമ്പോഴും മണി പിടിക്കുമ്പോഴും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. കുരുമുളകിലെ പ്രധാന കീടമായ പൊള്ളു വണ്ട് മൂപ്പെത്താത്ത മണികളുടെ ഉൾക്കാമ്പ് തിന്ന് നശിപ്പിക്കുന്നു. ഇവയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി രാസകീടനാശിനിയായി **ഇക്കാലക്സ് 2 മില്ലി** ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തിരിയിടുമ്പോഴും, മണിപിടിക്കുമ്പോഴും, ആവശ്യമെങ്കിൽ മാണി പാകമാകുമ്പോഴും തളിക്കാവുന്നതാണ്. പൊള്ളുവണ്ടിന്റെ ആക്രമണം ശ്രദ്ധയിൽ പെട്ടാൽ രാസകീടനാശിനിയായ **ക്ലോറാൻട്രിനിപ്രോൾ (കൊറാജൻ)** 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ച് കൊടുക്കാം. കുരുമുളക് തോട്ടത്തിലെ തണൽ ക്രമീകരിക്കുന്നത് കീടരോഗാക്രമണം ഒരു പരിധി വരെ കുറയ്ക്കാൻ സഹായിക്കും.